By Special Messenger

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ് മെന്റ് - ട്രഷറി വകുപ്പ് - ഓണം പ്രമാണിച്ച് ശമ്പളവും ആനുകൂല്യങ്ങളും പെൻഷനും മുൻകൂറായി വിതരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

**സ.ഉ (പി)നം.125/2018/ധന** **തീയതി, തിരുവനന്തപുരം,09/08/2018**

---

പരാമർശം:- ട്രഷറി ഡയറക്ടറുടെ 04.08.2018-ലെ E3/15980/2018 നമ്പർ കത്ത്.

## ഉത്തരവ്

ഓണം പ്രമാണിച്ച് ഫുൾ ടൈം, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫ്, എല്ലാ വകുപ്പുകളിലെയും എസ്.എൽ.ആർ, എൻ.എം.ആർ ജീവനക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾ, കോളേജുകൾ, പോളിടെക്നിക്ക് ജീവനക്കാർ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ആഗസ്റ്റ് മാസത്തിലെ ശമ്പളം കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75 (a)&(b) യിൽ ഇളവു വരുത്തി താഴെ കാണും പ്രകാരം മുൻകൂറായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| (i) | 17.08.2018 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം A യിലും B യിലും ഉൾപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും നീതിന്യായ നിർവ്വഹണ വകുപ്പുകളും |
| (ii) | 18.08.2018 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം A യിലും B യിലും ഉൾപ്പെടുന്ന ശേഷിക്കുന്ന വകുപ്പുകൾ |
| (iii) | 20.08.2018 | കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 75(b)(i) -ലെ ഭാഗം C യിൽ ഉൾപ്പെടുന്ന മറ്റു വകുപ്പുകൾ |

സർവ്വീസ് പെൻഷണേഴ്സ്/ഫാമിലി പെൻഷണേഴ്സ്, കെ.എഫ്.എഫ്. പെൻഷണേഴ്സ് എന്നിവർക്ക് 2018 സെപ്റ്റംബർ മാസത്തെ പെൻഷൻ 20.08.2018, 21.08.2018 തീയതികളിൽ വിതരണം ചെയ്യുന്നതിനും ഉത്തരവാകുന്നു.

മേൽ തീയതികളിൽ മാറ്റി എടുക്കാൻ കഴിയാത്ത ബില്ലുകൾ തുടർന്നു വരുന്ന തീയതികളിൽ മാറ്റിയെടുക്കാവുന്നതാണ്.

കെ.എഫ്.സി വാല്യം 1- ലെ ആർട്ടിക്കിൾ 76(b) പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിലെ ഡി.ഡി.ഒ-മാർ പ്രസ്തുത ബില്ലുകൾ വിതരണ തീയതിയ്ക്ക് മൂന്ന് പ്രവൃത്തി ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം

ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം

എല്ലാ വകുപ്പ മേധാവികൾക്കും, ഡി.ഡി.ഒ മാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
എല്ലാ യൂണിവേഴ്സിറ്റികളിലെയും രജിസ്ട്രാർമാർക്ക് (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ
സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മിഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഗവർണറുടെ സെക്രട്ടറിക്ക്
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സെക്രട്ടറിമാർ
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിമാർ
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ
മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം
സംസ്ഥാന മുഖ്യവിവരാവകാശ കമ്മീഷണർ
U.O(f)No.924313/എസ്റ്റാ.സി.3/18/ധന
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ , www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ